# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

## പോലീസിൽ വ്യാപകമായ ക്രിമിനൽവൽക്കരണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2092 | 8/12/2014-ൽ മറുപടിക്ക്

ചോദ്യം | മറുപടി

ശ്രീ.കെ.വി. വിജയദാസ് | രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പോലീസിൽ വ്യാപകമായ ക്രിമിനൽവൽക്കരണം നടക്കുന്നുവെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | പോലീസിൽ ക്രിമിനൽവൽക്കരണം നടക്കുന്നില്ല. |
| (ബി) | ക്രിമിനലുകളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; ഇതിന്റെ അടിസ്ഥാനത്തിൽ നടപടിയ്ക്ക് വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ ; | ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കേരളത്തിലെ പോലീസ് സേനയ്ക്ക് സമയബന്ധിതമായും നിശ്ചിത ഇടവേളകളിലും സമഗ്രവും ശാസ്ത്രീയവുമായ പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിച്ച് ഓരോ വർഷം പ്രസ്തുത പരിശീലനത്തിനായി കലണ്ടർ പ്രസിദ്ധീകരിക്കുമോ ; ഇതിനായി വ്യക്തമായ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുമോ ; വിശദ വിവരം നൽകുമോ ? | കേരളത്തിലെ പോലീസ് സേനയ്ക്ക് നിശ്ചിത ഇടവേളകളിൽ ശാസ്ത്രീയ കുറ്റാന്വേഷണം ഉൾപ്പെടെ ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ